# ജീവിത ബജറ്റ് തകർക്കുന്ന ഇംഗ്ലീഷ് മരുന്നുകളുടെ വിലവർദ്ധനവ്

സി.ആർ.എൻ.

അടുത്തകാലത്തായി 'മരുന്നു വിലകൾ കുറയുന്നു' വെന്ന പ്രചാരണം ചിലർ നടത്തുന്നുണ്ട്. 2003 ഒക്ടോബർ 10 ലെ 'ഹിന്ദു' ദിനപത്രത്തിൽ സുഷമാ രാമചന്ദ്രൻ എഴുതി. എസി. നെൽസൺ ഒആർജി നടത്തിയ ഒരു സർവ്വേയുടെ ഫലമെന്ന രീതിയിലാണ് ഈ റിപ്പോർട്ട്. ഇതിന്റെ യാഥാർത്ഥ്യമറിയുന്നതിനായി നടത്തിയ ഒരന്വേഷണത്തിന്റെ ഫലങ്ങളാണ് ചുവടെ പറയുന്നത്. മൊത്തം 25,000 ൽപരം ബ്രാണ്ടുകൾ നിലവിലുണ്ടെങ്കിലും അതിലെ എഴുപതെണ്ണമാണ് ഏറ്റവുമധികം വിൽപനയുള്ളവ. ഇവ മൊത്തം കമ്പോളത്തിന്റെ ഇരുപതുശതമാനം വരുന്നു. ഈ എഴുപതിനങ്ങളുടെ 1999 മുതൽ 2003 വരെയുള്ള നാലുവർഷത്തെ വില

**പട്ടിക – 1**

| ബ്രാന്റ് | വിലവർദ്ധനവ് (ശതമാനം) |
|---|---|
| ആൽക്രോസിൻ | 22.69 |
| സ്പോരിഡക്സ് | 15.56 |
| സിഫ്രാൻ | 5.68 |
| ഫെക്സിൻ | 18.89 |
| ഡിപ്ലോക്റ്റ് | 111.36 |
| സെഫ്ടം | 60.00 |
| ആൽസിപ്രോ | 91.33 |
| വൈമോക്സ | 28.76 |

വ്യത്യാസമാണ് ഇവിടെ താരതമ്യം ചെയ്തിരിക്കുന്നത്. എന്നാൽ നെൽസൺ ഒആർജി സർവ്വേയനുസരിച്ച് ആന്റിബയോട്ടിക്കുകൾ, പ്രമേഹത്തിനും ക്ഷയത്തിനുമുള്ള മരുന്നുകൾ എന്നിവയിലാണ് വിലക്കുറവുണ്ടായിയെന്നു പറയുന്നത്. എന്നാൽ ഈ പഠനം കാണിക്കുന്നത് നാലുവർഷത്തിനിടയിൽ ഇവയുടെ വില വളരെയധികം ഉയർന്നുവെന്നാണ്. 2003 ൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ 73 ബ്രാന്റുകളിൽപ്പെട്ട 253 കൂട്ടുകളിൽ 169 (67 ശതമാനം) എണ്ണത്തിന്റേയും വിലകൂടിയിട്ടുണ്ട്. 49 (19 ശതമാനം) ഇനങ്ങളുടെ വില താഴുന്നു. ബാക്കി 14 ശതമാനത്തിന്റെ വില അതേപോലെ തുടർന്നു. ആന്റി ബയോട്ടിക്ക് (ആന്റി ഇൻഫെക്ടീവ്) വിഭാഗത്തിൽപ്പെട്ട മരുന്നുകളുടെ വില വർദ്ധന (പട്ടിക – 1)

ചില ആന്റി ബയോട്ടിക്കുകളുടെ വില അൽപം കുറഞ്ഞുവെന്നതു ശരി. പക്ഷെ, അവയെല്ലാം കമ്പോളത്തിൽ ആവശ്യം കുറയുന്നവയാണ്. പുത്തൻ ആന്റിബയോട്ടിക്കുകൾ വൻവിലയോടെ കമ്പോളത്തിലെത്തുന്നു. ഫൈവ്സ്റ്റാർ നിലവാരത്തിലുള്ള ഈ മരുന്നുകളോടാണ് ഡോക്ടർമാർക്കു പൊതുവേപ്രിയം അവയിൽ ചില മരുന്നുകളും അവയുടെ

**പട്ടിക – 2**

| മരുന്ന് | അളവ് | വില (രൂപ) |
|---|---|---|
| സെഫിഡോക്സ | 500 മി.ഗ്രാം വൈൽ | 119.99 |
| " | ഒരു ഗ്രാം | 314.99 |
| പ്രോകാഡക്സ | 400 മി.ഗ്രാം | 1111.00 |
| " | 30 മില്ലി ലിറ്റർ | 349.50 |
| സെഫ്രോം | 1 ഗ്രാം വൈൽ | 595.00 |
| സെഫ്രോം | 1 ഗ്രാം വൈൽ | 335.00 |

വിലയുമാണ് പട്ടിക–2 ൽ.

ഇതുപോലെ തന്നെ പ്രമേഹരോഗത്തിനുള്ള മരുന്നുകളുടെ വിലയും കുതിച്ചുയരുന്നു. കേരളത്തിൽ പ്രമേഹം വളരെ വേഗം വ്യാപിക്കുകയാണ് 2010 ആകുമ്പോഴേക്കും നാൽപതു ശതമാനം പേർ ഇവിടെ പ്രമേഹരോഗികളാകുമെന്നാണ് കണക്ക്.

പ്രമേഹത്തിന് സാധാരണ കഴിക്കുന്ന ഗുളികകൾക്കുള്ള വിലവർദ്ധന

| | | |
|---|---|---|
| ഡയോനിൽ | 5 മി.ഗ്രാം | 13.40% |
| ഗൈനേസ് | 5 മി.ഗ്രാം | 23.90% |
| ഗ്ലൂക്കോബേ | 5 മി.ഗ്രാം | 12.82% |

ക്ഷയരോഗത്തിന് ഏറ്റവുമധികം നൽകുന്ന മരുന്നുകളുടെ വിലയും വളരെയധികം കൂടി. പ്രമേഹത്തിന് ജീവിതകാലം മുഴുവനും ക്ഷയരോഗത്തിന് വളരെ നീണ്ടകാലത്തേക്കും മരുന്നുകൾ ആവശ്യമാണെന്നതിനാൽ ഈ വില വർദ്ധനവ് ഒട്ടേറെപ്പേരുടെ ജീവിത ബജറ്റ് തകർക്കും, പ്രത്യേകിച്ചും വൃദ്ധരായവരുടെ.

സെക്രട്ടറി, തൃക്കാക്കര പഞ്ചായത്ത് സഹകരണാശുപത്രി, കൊച്ചി-30

ദേശീയ ബജറ്റിന്റെ 12 ശതമാനം ആരോഗ്യമേഖലക്കായി നീക്കിവയ്ക്കേണ്ടതാണെങ്കിലും ഇന്ത്യിൽ ഇതൊരിക്കലും മൂന്നു ശതമാനത്തിൽ കൂട്ടിയിട്ടില്ല. ഇത് കുറയാനും തുടങ്ങി. പൊതുആരോഗ്യസംവിധാനം ശുഷ്കമാക്കുന്ന തോത് വർദ്ധിച്ചു. പ്രാഥമികാരോഗ്യരംഗത്തടക്കം വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലായി നമ്മുടെ നാട്ടിൽ പ്രാദേശികമൂലധനം പ്രവർത്തിച്ചിരുന്നു. മറ്റുചികിത്സാവിഭാഗങ്ങളുടെ വളർച്ച പരമാവധി തടയുകയും പരമാവധി സൗജന്യം പാശ്ചാത്യ ചികിത്സകർക്കായി നൽകുകും ചെയ്തു. 1980 വരെ കിടത്തി ചികിത്സാരംഗത്ത് സ്വകാര്യമേഖലയുടെ പങ്ക് വളരെ കുറവായിരുന്നു. എന്നാൽ 1996 ആയപ്പോഴേക്കും അവസ്ഥ വ്യത്യസ്തമായി (പട്ടിക–1)

**പൊതു സ്വകാര്യ മേഖലകളിലെ ആശുപത്രികിടക്കകളുടെ താരതമ്യം (ശതമാനം)**

| വർഷം | പൊതു | സ്വകാര്യം |
|---|---|---|
| 1973 | 71.2 | 28.8 |
| 1983 | 59.3 | 40.7 |
| 1993 | 42.3 | 57.7 |
| 1996 | 39.0 | 61.0 |

(ആധാരം : കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമം വകുപ്പിന്റെ റിപ്പോർട്ട്)

ഇത് എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയല്ല. കേരളം, മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്ക് ഈ ദേശീയ ശതമാനത്തേക്കാൾ ഉയർന്നതാണ്. ബിഹാർ, യു. പി. മദ്ധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇതുകുറവാണ്. അവിടെ പൊതുമേഖലയാണ് ജനങ്ങൾക്ക് ആശ്രയം. സ്വകാര്യ മേഖല വർദ്ധിച്ചിരിക്കുന്ന സംസ്ഥാനങ്ങളിൽ മദ്ധ്യ ഉപരിമദ്ധ്യവർഗക്കാർ ഈ സ്വകാര്യ മേഖലയെ കൂടുതൽ ആശ്രയിക്കുന്നു. മദ്ധ്യവർഗ്ഗ സമൂഹം ശക്തിപ്പെട്ട സംസ്ഥാനങ്ങളിലാണ് സ്വകാര്യ മേഖല വളർന്നതെന്നും പറയാം.